ഭരണഭാഷ-മാതൃഭാഷ

നമ്പർ.401004/BAGC01/GENERAL/2023/13486/(1)

മീനങ്ങാടി ഗ്രാമ പഞ്ചായത്ത് ആഫീസ്
പുറക്കാടി
മീനങ്ങാടി.പി.ഓ
വയനാട്
Phone No:04936247236
E-mail:meenangadigp@gmail.com

തീയതി : 14/12/2023

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ഇൻറേൺണൽ വിജിലൻസ് ഓഫീസർ
,തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ഓഫീസ് വയനാട്

സർ,

വിഷയം:- നവകേരളസദസ്സ് പരാതി നമ്പർ 3572 റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ വാർഡ് 6 ൽ 102 E ,F ,G H എന്നീ കെട്ടിടങ്ങൾ ജംഷീദ് ഹമീദ് മൂക്കണ്ണിയിൽ ,ഷംല ഇസ്മയിൽ റംല മൻസിൽ എന്നവരുടെ പേരിലാണുള്ളത്.2018 ഒന്നാം അർദ്ധവർഷത്തിലാണ് പ്രസ്തുത കെട്ടിടങ്ങൾക്ക് പൊന്നമ്മ ഇണ്ടിക്കുഴിയിൽ എന്നവരുടെ പേരിൽ നമ്പർ അനുവദിച്ചിരുന്നത് .2022 ഒക്ടോബർ മാസം 6 ാം തിയ്യതി 4152/2022 ആധാരപ്രകാരമാണ് പ്രസ്തുത കെട്ടിടമുറികളും കൃഷ്ണഗിരി വില്ലേജിലെ ബ്ലോക്ക് നമ്പർ 19 ൽ 374/3-2 സർവ്വേ നമ്പറിൽ ഉൾപ്പെട്ട സ്ഥലവും എം പൊന്നമ്മ എന്നവരുടെ പേരിൽ നിന്നും ശ്രീ ജംഷീദ് ഹമീദ് മൂക്കണ്ണിയിൽ ,ഷംല ഇസ്മയിൽ റംല മൻസിൽ എന്നവരുടെ പേരിലേക്ക് കൈവശം വന്ന ചേർന്നിട്ടുള്ളത്.എന്നാൽ ഒന്നാം നിലക്ക് കെട്ടിടനമ്പർ ലഭിക്കുന്നതിനോ അധികമായി പണിത ഭാഗം ക്രമവൽക്കരിക്കുന്നതിനോ പരാതിക്കാർ ഈ ഓഫീസിൽ അപേക്ഷ നാളിതുവരെ സമർപ്പിച്ചിട്ടില്ല എന്നും ഡികെ പട്ടയത്തിൽ ഉൾപ്പെട്ടതുകൊണ്ട് മാത്രം ഒരു അപേക്ഷകനെയും ഫ്രണ്ട് ഓഫീസിൽ നിന്നും അപേക്ഷ സ്വീകരിക്കാതെ മടക്കിവിട്ടിട്ടില്ല എന്ന വിവരം ബോധിപ്പിക്കുന്നു.

ബഹു സുപ്രീം കോടതി വിധിയുടെ 19.11.2020 ലെ SLP(C) NO 10778 നമ്പർ വിധിന്യായം നടപ്പിലാക്കിക്കൊണ്ട് WP (C) 17983/2019, 29865/2019 & 32098/2019 നമ്പർ കേസുകളുടെ പൊതു വിധിന്യായം നടപ്പിലാക്കിക്കൊണ്ട് തദ്ദേശ സ്വയംഭരണ(ആർ ഡി ) വകുപ്പ് സ ഉ എം എസ് നം 61/2021 തസ്വഭവ തിരുവനന്തപുരം തിയ്യതി 22.02.2021 പ്രകാരം റവന്യൂ അധികാരികൾ അനുവദിക്കുന്ന കൈവശസർട്ടിഫിക്കറ്റിൽ പതിച്ച് നൽകിയ ഭൂമി ആണെങ്കിൽ എന്താവശ്യത്തിനാണ് ഭൂമി പതിച്ച് നൽകിയതെന്ന വിവരം രേഖപ്പെടുത്തേണ്ടതാണെന്നും അതിന് അനുസരിച്ച് മാത്രമേ തദ്ദേശ സ്വയംഭരണ അധികാരികൾ പെർമിറ്റ് അനുവദിക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ആണ് ഈ ഓഫീസിൽ നിന്നും കെട്ടിടനിർമ്മാണ അനുമതിയും ഒക്കുപ്പൻസിയും അനുവദിക്കുന്നുള്ളൂ എന്നും സ ഉ എം എസ് നം 61/2021 തസ്വഭവ തിരുവനന്തപുരം തിയ്യതി 22.02.2021 ഉത്തരവ് വരുന്നതിന് മുമ്പ് പെർമിറ്റ് അനുവദിച്ചതും ഉത്തരവ് തിയ്യതിക്ക് ശേഷം കംപ്ലീഷൻ സമർപ്പിച്ചതുമായ ഒരു അപേക്ഷ നിരസിക്കുന്നതിനാണ് ബഹു പഞ്ചായത്ത് ഡയറക്ടർ 30/06/2022 തിയ്യതി PAN/4045/2022 -C9(DP) നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നത് .സമാനമായ അപേക്ഷകളിലും പ്രസ്തുത നിർദ്ദേശം പാലിച്ചാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന വിവരം കൂടി അറിവിലേക്കായി ബോധിപ്പിക്കുന്നു.

മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാര്യാലയം ★ മീനങ്ങാടി ★

വിശ്വസ്തതയോടെ,

For [signature]

**Secretary**
**Meenangadi Grama Panch**
**Wayanad**